**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1784** **15-03-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിന്റെ ഗ്രൗണ്ട് ഫ്ലോറിൽ കിയോസ്ക്കുകൾ പ്രവർത്തിപ്പിക്കുന്നതിനായി 15 വർഷ കാലയളവിലേക്കുള്ള ടെൻഡർ നേടിയവരെ കെട്ടിടത്തിന്റെ ബലക്ഷയത്തിന്റെ പേരിൽ നിലവിൽ ഒഴിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിന്റെ ഗ്രൗണ്ട് ഫ്ലോറിൽ കിയോസ്ക്കുകൾ നടത്തിയിരുന്നവരെ ഐ.ഐ.റ്റി., ചെന്നൈയുടെ repair and rehabilitation വിഭാഗം സമർപ്പിച്ച റിപ്പോർട്ടിലെ ബലക്ഷയത്തിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ 3 കിയോസ്ക്കുകൾ നടത്തിയിരുന്ന M/s.Tastic Lead Point Pvt. Ltd. എന്ന സ്ഥാപനം കോഴിക്കോട് മുൻസിഫ് കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിരിക്കുകയാണ്. കമ്പനി പത്രിക പരിഗണിച്ച് വിധിയാകേണ്ടതുണ്ട്. |
| (ബി) | നിയമപ്രകാരമുള്ള ടെൻഡറിൽ പങ്കെടുത്ത് കിയോസ്ക്കുകൾ നടത്തുന്നതിന് അനുമതി നേടിയ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് കെട്ടിടത്തിന്റെ ബലക്ഷയം പരിഹരിച്ച് കഴിയുമ്പോൾ ടെൻഡർ വ്യവസ്ഥകൾ പ്രകാരം തുടർന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകുമോ; വിശദമാക്കുമോ; | (ബി) | ബഹു. കോടതിയിൽ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്ക്വയർഫീറ്റിന് എത്ര രൂപ നിരക്കിലാണ് പ്രതിദിന വാടക നൽകിയിരുന്നതെന്നും ആലിഫ് ബിൽഡേഴ്സ് എന്ന സ്ഥാപനം സ്ക്വയർഫീറ്റിന് എത്ര രൂപ നിരക്കിലാണ് പ്രസ്തുത ബസ് ടെർമിനലിലെ വിവിധ ഫ്ലോറുകളിൽ വാടക നൽകിയിരുന്നതെന്നും വ്യക്തമാക്കുമോ? | (സി) | ചതുരശ്ര അടിയ്ക്ക് കിയോസുക്കുകൾ 44.38 മുതൽ 53.56 രൂപ നിരക്കിലാണ് വാടക വാങ്ങിയിരുന്നത്. M/s. അലിഫ് ബിൽഡേഴ്സ് 17 കോടി രൂപ തിരിച്ചു നൽകേണ്ടാത്ത അഡ്വാൻസും നികുതിയും നൽകിയിട്ടുണ്ട്. എന്നാൽ M/s. അലിഫ് ബിൽഡേഴ്സിൽ നിന്നും പ്രതിമാസ വാടക നൽകാനാരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ